(1)	(2)	(3)
8	ക്യാപിറ്റൽ റീജിയൻ ഡെവലപ്മെന്റ് പ്രോഗ്രാം	40.08
9	ദേശീയ ഗെയിംസ്	388.16
10	മൊബിലിറ്റി ഹബ്	6.05
	ആകെ	2722.10

കൊയിലാണ്ടിയിലെ വികസന പദ്ധതികൾ

91 (1917) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പുമുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും ഭരണാനുമതി നല്കി അനുവദിച്ച തുക എത്ര ; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കടപ്പത്രത്തിന് റിസർവ് ബാങ്ക് അനുമതി

92 (1918) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം കടപ്പത്രംവഴി എത്ര കോടി രൂപ കടം എടുക്കുവാനാണ് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ആയതിൽ നടപ്പുസാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര കോടി രൂപ സമാഹരിച്ചു ; വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം കടമെടുക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതെ റവന്യൂ ചെലവുകൾക്കാണോ ഉപയോഗിക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, വിദേശ ഏജൻസികൾ മറ്റ് കേന്ദ്ര ഏജൻസികൾ തുടങ്ങിയവകളിൽ നിന്നും എത്ര തുക വായ്പയായി സ്വീകരിച്ചു; ഏതൊക്കെ ഏജൻസികളിൽ നിന്ന് എത്ര തുക വീതം അവയുടെ തിരിച്ചടവ് കാലാവധി തുടങ്ങുന്നതെന്നും പലിശനിരക്ക് എത്ര ശതമാനമെന്നും സബ്സിഡികൾ ലഭ്യമാണോയെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly